കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതി - പൊതു വിഭാഗം, പട്ടികജാതി വിഭാഗം എന്നിവയിലായി കക്കൂസ് മുറി നവീകരണത്തിനുള്ള പദ്ധതി - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 165 /2019/തസ്വഭവ തിരുവനന്തപുരം, തീയതി, 25.01.2019

---

പരാമർശം :- 1. പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.05.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/12/2018-ലെ 4.5 നമ്പർ തീരുമാനം .

ഉത്തരവ്

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്2018 -19 വാർഷിക പദ്ധതിയിൽ (പ്രോ നം94/19,95/19 ) കക്കൂസ് മുറി നവീകരണത്തിന് പൊതു വിഭാഗം, പട്ടികജാതി വിഭാഗം എന്നിവയിലായി രണ്ടു പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കാൻ അനുമതിക്കായി പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ മറ്റു മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ,പൊതു വിഭാഗം, പട്ടികജാതി വിഭാഗം എന്നിവയിലായി കക്കൂസ് മുറി നവീകരണത്തിനുള്ള പദ്ധതി (പ്രോ നം94/19,95/19 )നടപ്പാക്കാൻ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്,പാലക്കാട് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ